നം.കെഎസ്എകെടിഎം.പി13-1119/19 തീയതി :14.08.2019.

**കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2018 മുതൽ 30.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 20.07.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു.എസ്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2019 മുതൽ 20.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അമ്പിളി.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബാബുരാജ്.കെ.ബി | ഓഡിറ്റർ (ഹ.ഗ്രേ) |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.ജിജിമോൻ ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ. |
| സെക്രട്ടറി | ശ്രീ.ജോമോൻ മാത്യു | 1.04.2018 മുതൽ 15.07.2018 വരെ,<br>28.07.2018 മുതൽ 04.03.2019 വരെ,<br>13.03.2019മുതൽ 31.3.2019 വരെ. |
| | | |

| | | |
|---|---|---|
| | ആശാറാണി.ടി. അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 16.07.2018 മുതൽ 27.07.2018 വരെ.<br>05.03.2019 മുതൽ 12.03.2019 വരെ. |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഡെൽഫിന ജോർജ് | 01.04.2018 മുതൽ 31.03.2019 വരെ. |
| വെറ്ററിനറി സർജൻ | ഡോ.പ്രേമ സ്റ്റെല്ല ഭായി | 01.04.2018 മുതൽ 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ, ആയുർവേദം. | ഡോ.ദീപ.ബി.നായർ | 01.04.2018 മുതൽ 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുവീണ | 01.04.2018 മുതൽ 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ആഷിക് രാമചന്ദ്രൻ | 1.04.2018 മുതൽ 31.3.2019 വരെ. |
| വി.ഇ.ഒ | മനോജ്.ടി.എസ്. (ആനിക്കാട് വെസ്റ്റ് സർക്കിൾ.) | 01.04.2018മുതൽ 30.11.2018വരെ |
| | രതീഷ് പി.ആർ (ആനിക്കാട് വെസ്റ്റ് സർക്കിൾ.) | 01.12.2018 മുതൽ 31.03.2019 വരെ |
| | അനുമോൾ പി.ബി (ആനിക്കാട് ഈസ്റ്റ് സർക്കിൾ.) | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജാസ്മിൻ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ഗിരിജ എം ആർ (ഓവർസിയർ ഇൻ ചാർജ്) | 01.04.2018 മുതൽ 20.06.2018 വരെ. |
| | ശ്രീമതി ഷീജാ മോൾ ജോസഫ് | 21.06.2018 മുതൽ 06.03.2019 വരെ. |
| | ശ്രീ. ഷിബു കെ കരീം | 07.03.2019 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ. | ജ്ജലി ജോസ് | 1.4.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| | |

| | |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം (മാന്വൽ പാർട്ട് 1 അനുബന്ധം ബി) |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തവ) |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | ഭേദഗതി വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-2 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല |
| 2-3 | അനർഹമായി വസ്തുനികുതി ഒഴിവാക്കി നൽകി |
| 2-4 | ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-5 | ജീവനക്കാരുടെ/ സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല/ ഈടാക്കിയില്ല |
| 2-6 | പെർമിറ്റ് നൽകൽ- കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല |
| 2-7 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ – ഒരവലോകനം |
| 2-8 | ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകൽ- അപാകതകൾ |
| 2-9 | ഇ- ടെണ്ടർ ഫോറവില പഞ്ചായത്തിന് ലഭ്യമായില്ല |
| 2-10 | വിവിധ പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചു നീക്കിയ സാമഗ്രികൾ ലേലം നടത്തി നീക്കം ചെയ്തിട്ടില്ല |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | കെയുആർഡിഎഫ്സി ലോൺ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് വൻബാദ്ധ്യത |
| | |

| | |
|---|---|
| 3-2 | ഇല്ലാത്ത തസ്തികയിൽ ദിവസവേതന നിയമനം നടത്തിയത് |
| 3-3 | ശമ്പള രഹിത അവധിയിലായിരുന്ന കാലത്ത് അനർഹമായി ശമ്പളം നൽകി |
| 3-4 | സ്ഥലംമാറ്റം – മുൻകൂർ ശമ്പളം ക്രമീകരിച്ചില്ല |
| 3-5 | പരസ്യചാർജ് – അധികചെലവ് |
| 3-6 | കാർഷിക വിപണനകേന്ദ്രം കെട്ടിടനിർമ്മാണം- അലുമിനിയം ഷീറ്റ് റൂഫിംഗിലെ അധികചെലവ് – തുക തടസ്സപ്പെടുത്തുന്നു |
| 3-7 | റെക്കോർഡ് റൂം സജ്ജമാക്കൽ- ചെയ്ത ഇനങ്ങളുടെ അളവ് പരിശോധിച്ചുറപ്പാക്കാതെ തുക നൽകി |
| 3-8 | ഫാർമസി സ്റ്റോറിലും മരുന്ന് വിതരണ കൗണ്ടറിലും എസി സ്ഥാപിക്കൽ- ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ല |
| 3-9 | അരുവിക്കുഴി ടൂറിസം- ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ചുമതലയിലുള്ള സ്ഥലത്ത് പ്രവൃത്തികൾ നടത്തിയത് |
| 3-10 | വിവിധ കുടിവെള്ള പദ്ധതികൾ – തുടർപ്രവൃത്തികൾ/ പൂർത്തീകരണം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് |
| 3-11 | ബാരൽ വിലയുടെ 18 % ജിഎസ്ടി, വർക്കേഴ്സ് വെൽഫെയർ ഫണ്ട് കളക്ഷൻ ചാർജ് എന്നിവ ഈടാക്കിയില്ല |
| 3-12 | പിഎച്ച് സി സ്ത്രീ സൗഹൃദ വയോജന സൗഹൃദ ടോയ്‌ലറ്റ് നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല |
| 3-13 | തുക മുൻകൂർ ഒടുക്കിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല |
| 3-14 | പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമായില്ല |
| 3-15 | ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചത് – പ്രവൃത്തി നടപ്പാക്കിയില്ല |
| 3-16 | ലൈഫ് മിഷൻ പദ്ധതി- അവലോകനം |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | |
|---|---|
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018 -19 വർഷത്തെ ബജറ്റ് 22-02-2019 തിയതിയിലെ 22-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 16481000 | 8022107.79 |
| വരവ് | 75759000 | 48531934 |
| ആകെ | 77868671 | 56554041.79 |
| ചെലവ് | 76588000 | 47177476 |
| നീക്കിയിരിപ്പ് | 1280671 | 9376565.79 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ

അധികരിച്ചചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വേർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ സംബന്ധിച്ച നിയന്ത്രണം സാദ്ധ്യമാക്കാവുന്നതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 02-05-2019 | ---- | ----- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 24,25/5/2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 04/06/2019 ലെ കെ.എസ്.എ.കെ.ടി.എം പി.13/762/2019 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 8022107.79 |
| വരവ് | 48531934 |
| ആകെ | 56554041.79 |
| ചെലവ് | 47177476 |
| നീക്കിയിരിപ്പ് | 9376565.79 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | (സഞ്ചിതനിധിയിലേക്ക് തിരികെ എടുത്തത് ) | |
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 11542000 | 11542000 | 10311101 | 1230899 | 89 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 1552000 | 1552000 | 1488768 | 63232 | 96 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 346000 | 346000 | 346000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 6895000 | 6895000 | 6525938 | 369062 | 95 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 2780000 | 2780000 | 2271326 | 508674 | 82 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 7081593 | 7081593 | 2487093 | 4594500 | 35 |
| ഐ സി ഡി എസ് | | 393319 | 386944 | 780263 | 596349 | 183914 | |
| ശുചിത്വ മിഷൻ | | 635314 | 504350 | 1139664 | 194040 | 945624 | |
| സമ്പൂർണ്ണ ശുചിത്വം | | 0 | 130000 | 130000 | 0 | 130000 | |
| മറ്റ് കേന്ദ്ര ഫണ്ട് | | 3128 | 1250000 | 1253128 | 0 | 1253128 | |
| ജോയിന്റ് വെഞ്ച്വർ | ബ്ലോക്ക് വിഹിതം | 545599 | 3592545 | 4138144 | 2611905 | 1526239 | |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 1046664 | 1046664 | 1046664 | 0 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 9369128 | 9369128 | 9369128 | 0 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1274.50 | 335115 | 336389.50 | 334100 | 2289.50 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4559759.67 | 6963031 | 11522790.67 | 10765057 | 757733.67 | |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | -146812 | 8266465 | 8119653 | 7998324 | 121329 | |
| ബി ഫണ്ട് | | 0 | 28850880 | 28850880 | 28850880 | 0 | |

# 1-6 പദ്ധതി അവലോകനം

2018-19 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 27-01-2018 ൽ കൂടി കരട് പദ്ധതിനിർദേശങ്ങൾ സമർപ്പിച്ചിരുന്നു. പദ്ധതിരൂപീകരണ ഗ്രാമസഭ 17-2-2018, 18-2-2018 ദിവസങ്ങളിൽ കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു. ഊരുകൂട്ടം, 02.03.2018 ലും ഭിന്നശേഷിയുള്ളവർക്കായുള്ള ഗ്രാമസഭ 29-01-18 ലും വികസനസെമിനാർ 09-03-2018 ലും നടന്നു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ 28-04-2018 മുതൽ 02-05-2018 വരെയും ചേർന്നിട്ടുണ്ട്. ഇപ്രകാരം വിവിധഘട്ടങ്ങളിലായി നടന്ന ചർച്ചകൾക്കും പ്രവർത്തനങ്ങൾക്കും ശേഷം തയ്യാറാക്കിയ വാർഷിക പദ്ധതി 23-03-2018 ലെ 1/1 എ നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതി 01-03-2019 ലെ 490/18/ DPC/DPO/KTM ഉത്തരവ് പ്രകാരം പദ്ധതിക്ക് അന്തിമ അംഗീകാരം നൽകി.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 65152727 | 96 | 33552014 | 70 | 18 | 52 |

സെക്രട്ടറി നടപ്പിലാക്കിയ 3 പ്രോജക്റ്റുകളുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് സാമ്പത്തികവർഷം മാറാനാവാതെ 'ക്യൂ' വിലായിരുന്നു. ടി തുകകൾ നിലവിൽ മാറിയിട്ടുണ്ട്.

| ക്രമനം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി. |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 5 | 5 | 951760 | 923545 | വികസനകാര്യം. |
| 2 | വെറ്ററിനറി സർജൻ | 4 | 4 | 2202000 | 2202000 | വികസനകാര്യം |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 5 | 5 | 777000 | 759500 | ആരോഗ്യം-വിദ്യാഭ്യാസം |
| 6 | വി.ഇ.ഓ | 13 | 11 | 21236988 | 8606027 | വികസനകാര്യം, ക്ഷേമകാര്യം. |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 2800580 | 2395638 | ക്ഷേമകാര്യം. |
| 8 | സെക്രട്ടറി | 27 | 19 | 5442923 | 3838268 | വികസനകാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 9 | അസി. എൻജിനീയർ | 115 | 67 | 29388457 | 13020268 | വികസനകാര്യം |
| 11 | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 1 | 1 | 500000 | 500000 | വികസനം |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 433019 | 173625 | ക്ഷേമം |
| 13 | മെഡി.ഓഫീസർ, ഹോമിയോ | 1 | 1 | 70000 | 70000 | ആരോഗ്യം-വിദ്യാഭ്യാസം |
| 14 | മെഡി.ഓഫീസർ, ആയുർവ്വേദം | 1 | 1 | 150000 | 150000 | ആരോഗ്യം-വിദ്യാഭ്യാസം |
| 15 | ഹെഡ്മാസ്റ്റർ | 6 | 4 | 1200000 | 913143 | ആരോഗ്യം-വിദ്യാഭ്യാസം |

കാർഷികമേഖലയിൽ കിണർ റീചാർജിംഗ്, തേനീച്ച വളർത്തൽ, പമ്പ് സെറ്റ് വിതരണം തുടങ്ങിയ പ്രോജക്റ്റുകളും, മൃഗസംരക്ഷണമേഖലയിൽ വനിതാഘടകപദ്ധതിയുൾപ്പെടെ ആടുവളർത്തൽ, പശുവളർത്തൽ തുടങ്ങിയ പ്രോജക്ടുകളും നടപ്പിലാക്കി.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്റ്റ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. 2015 ലെ

പാലിയേറ്റീവ് പരിചരണ മാർഗരേഖ നിർദേശിച്ച വിധം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി എന്നിവ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്.

ലൈഫ് ഭവനപദ്ധതിയാണ് വി.ഇ.ഒ നടപ്പാക്കിയ പ്രധാനപ്പെട്ട പ്രോജക്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പണം ചെലവഴിക്കപ്പെട്ട പ്രോജക്ടും ഇതാണ്. വീടുകളുടെ നിർമാണം വിവിധഘട്ടങ്ങളിലായി നടക്കുന്നു. വീട് വാസയോഗ്യമാക്കൽ, ഗാർഹിക ശൗചാലയങ്ങളുടെ അറ്റകുറ്റപണികൾ എന്നീ പ്രോജക്ടുകളും വി.ഇ.ഒ നിർവഹണം നടത്തി.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, കളിപ്പാട്ടങ്ങൾ വാങ്ങൽ, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യുടെ മിനിറ്റ്സിൽ അങ്കണവാടി പ്രവർത്തനം സംബന്ധിച്ച ചർച്ചകളും തീരുമാനങ്ങളും ഉള്ളതായി കാണുന്നുവെങ്കിലും അങ്കണവാടിയുടെ ദൈനംദിനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കാര്യമായ ഇടപെടലുകൾ ഉണ്ടായില്ല. കുടിവെള്ളം ലഭ്യമല്ലാത്ത അങ്കണവാടികളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനുള്ള പ്രോജക്ടുകൾ നടപ്പാക്കുവാൻ സാമൂഹ്യ നീതി, വനിതാ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശമുണ്ടായിരുന്നെങ്കിലും ആയവ നടപ്പാക്കിയിട്ടില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പഞ്ചായത്ത് റെക്കോർഡ് റൂം സ്ഥാപിക്കൽ, കുഴൽകിണർ നിർമ്മാണം, വയോജന സങ്കേതം വൈദ്യുതീകരണം, പള്ളിക്കത്തോട് ചന്തയിൽ കർഷക മാർക്കറ്റ് നിർമ്മാണം എന്നിങ്ങനെയുള്ള വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി. കർഷക മാർക്കറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ കുടിവെള്ള പദ്ധതിക്കായി 3 കുഴൽകിണർ നിർമ്മാണം ഏറ്റെടുത്തതിൽ 1 എണ്ണം മാത്രമാണ് പൂർത്തിയായത്. മൃഗാശുപത്രിയിൽ വൈദ്യുതീകരണം എന്ന പ്രോജക്ട് പ്രകാരം വൈദ്യുതീകരണം നടത്തി സീലിംഗ് ഫാനുകൾ ഉൾപ്പെടെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഫാൾസ് സീലിംഗ്, തറയിൽ ടൈൽ പാകൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയിട്ടില്ല. കെട്ടിടത്തിന് അടച്ചുറപ്പുള്ള വാതിലില്ലാത്ത അവസ്ഥയാണെന്ന് പ്രാദേശിക പരിശോധനയിൽ കണ്ടു. സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ മോണിട്ടറിംഗിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഇടപെടൽ ഫലപ്രദമല്ലായിരുന്നുവെന്നാണ് വ്യക്തമാകുന്നത്.

അസിസ്റ്റന്റ് സെക്രട്ടറി 3 സ്പിൽ ഓവർ പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ, പൂർത്തീകരണഘട്ടങ്ങളിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കണമെന്നാണ് സർക്കാർ നിഷ്കർഷയെങ്കിലും റിപ്പോർട്ട് തയാറാക്കി ഫയലിൽ വച്ചിട്ടുള്ളതല്ലാതെ പ്രായോഗികമായ മോണിട്ടറിംഗ് ഉണ്ടായിട്ടില്ല.

2018 -19 ൽ വിഭാവനം ചെയ്ത 115 പ്രോജക്ടുകളിൽ 67 എണ്ണം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കി. ആയവയിൽ 38 എണ്ണവും സ്പിൽ ഓവറായി നടപ്പാക്കിയവയായിരുന്നു. തനത് ഫണ്ടിൽ നിന്നാണ്

പ്രോജക്ടുകളുടെ അധിക വകയിരുത്തലും നടത്തിയിരിക്കുന്നത്. എന്നാൽ തനത് ഫണ്ട് താരതമ്യേന കുറവായ പഞ്ചായത്താണിത്. അസി. എഞ്ചിനീയർ നടപ്പാക്കിയ പ്രവൃത്തികളുടെ ഫണ്ട് വകയിരുത്തൽ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| വികസന ഫണ്ട് | 3093307 | 1229033 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4924554 | 1558856 |
| തനത് ഫണ്ട് | 6188544 | 16656739 |

മുൻ വർഷത്തെ മിച്ച ഫണ്ട് കണക്കാക്കാതെയും വിഭവ സ്രോതസ്സുകൾ കൃത്യമായി കണക്കാക്കാതെയുമാണ് പ്രോജക്ട് തുകയുടെ വകയിരുത്തൽ നടത്തിയിരിക്കുന്നത്. ചെയ്യേണ്ട പ്രവൃത്തി കൃത്യമായി നിർണ്ണയിക്കാതെയും, സൈറ്റ് പരിശോധിക്കാതെ പ്രോജക്ടുകൾ രൂപീകരിച്ചതിന്റെയും ഫലമായി ഭൂരിപക്ഷം പ്രോജക്ടുകളും റിവൈസ് ചെയ്യേണ്ടിവന്നു. ഉദാഹരണമായി മരോട്ടി മേജർ കുടിവെള്ള പദ്ധതിയിൽ (പ്രോജക്ട് നം. 122/19) നിലവിലുള്ള വാട്ടർ ടാങ്കും പ്ലാറ്റ് ഫോമും പരിശോധിക്കാതെ ആയതിനുവേണ്ടി തുക വകയിരുത്തുകയും പിന്നീട് പ്രോജക്ട് റിവൈസ് ചെയ്യുകയും ചെയ്തു. കാർഷിക വിപണന കേന്ദ്രം അലൂമിനിയം ഷീറ്റോടുകൂടി നിർമ്മാണം പൂർത്തായാക്കുകയും 2018-19 ൽത്തന്നെ ഷീറ്റ് മാറ്റി കോൺക്രീറ്റ് റൂഫിംഗ് നടത്തുകയും ചെയ്തിരിക്കുന്നു. മാത്രമല്ല ഒരു പ്രവൃത്തിയുടെ എല്ലാ ഘടകങ്ങളും ഒരേ പ്രോജക്ടിൽ ഉൾപ്പെടുത്താതെ വിവിധ പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കുന്നതിനാൽ ഫയൽ സൂക്ഷിപ്പും പ്രവൃത്തിയുടെ തുടർച്ച പരിശോധനയും സങ്കീർണ്ണമാവുന്നു. ധാരാളം പ്രോജക്ടുകളുടെ പൂർത്തീകരണ ഘട്ടങ്ങൾ മാത്രമായി 2018-19 ൽ അസി.എഞ്ചിനീയർ നടപ്പാക്കിയതായി കാണാം.

<u>ലഭ്യത കണക്കാക്കാതെ വാർഷിക പദ്ധതിയ്ക്ക് തനത് ഫണ്ട് വകയിരുത്തുന്നു</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും, ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/പൊതു ആവശ്യഫണ്ടിൽ നിന്ന് നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും, അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചശേഷം മിച്ചമുള്ള തുകയാണ് തനതുഫണ്ട് സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് എന്നാണ് 13 ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ സംബന്ധിച്ച 29-3-17ലെ സ.ഉ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ ഉത്തരവിൽ പറയുന്നത്.

എന്നാൽ ഇപ്രകാരം ഉറപ്പാക്കാതെയാണ് വാർഷികപദ്ധതിക്ക് തനത് ഫണ്ട് വകയിരുത്തുന്നത് എന്ന് കാണുന്നു. 31-3-2019 ലെ തനതുഫണ്ട് നീക്കിയിരിപ്പ് 2765235/രൂപ മാത്രമായിരിക്കെ 2019-20 വാർഷികപദ്ധതിയിൽ വകയിരുത്തിയത് 8091193/രൂപയാണെന്ന് ചെലവ് പത്രിക (സുലേഖ)വ്യക്തമാക്കുന്നു. പ്രവൃത്തി പൂർത്തീകരിച്ച് തുക നല്കാനാവാത്ത സാഹചര്യം ഇതുമൂലം സംജാതമാകാവുന്നതാണ്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിമാത്രം വാർഷികപദ്ധതിയിൽ തനതുഫണ്ട് വകയിരുത്തേണ്ടതാണ്.

# 1-7 തൊഴിലുറപ്പുപദ്ധതി

പദ്ധതിയുടെ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1274.50 | 335115 | 336389.50 | 334100 | 2289.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 9369128 | 9369128 | 9369128 | 0 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67680 | 37 |
| കർഷകതൊഴിലാളി പെൻഷൻ | 1530400 | 108 |
| വിധവാപെൻഷൻ | 7748600 | 632 |
| വാർദ്ധക്യകാലപെൻഷൻ | 16310300 | 1234 |
| വികലാംഗപെൻഷൻ | 2392000 | 184 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 531900 | 43 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | 270000 | 9 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-7-2019 ൽ 3.45 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7723/രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ, പെരുമാറ്റങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ആഭ്യന്തരനിയന്ത്രണം. തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനില്ക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കിയതിൽ ആഭ്യന്തരനിയന്ത്രണ തൃപ്തികരമല്ല എന്ന് വ്യക്തമാകുന്നു.

ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്. എന്നാൽ

ഓഫീസ് ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. ചില ദിവസങ്ങളിൽ ജീവനക്കാർ ആഫീസിൽ ഹാജരായതിന്റെയോ, അവധി/മറ്റ് ചുമതലകളിലായിരുന്ന വിവരമോ ചേർക്കാതെ ഹാജർബുക്കിൽ കള്ളികൾ ഒഴിച്ചിട്ടിരുന്നത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പാളിച്ചയാണ്. പല കമ്മിറ്റിതീരുമാനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പട്ട നിലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. എന്നാൽ ക്ലർക്കുമാർ ഫീൽഡിൽ പോയി പിരിച്ചെടുത്ത വസ്തുനികുതി പഞ്ചായത്തിൽ അടവാക്കുമ്പോൾ കൃത്യമായി പരിശോധന നടത്താത്തതിനാൽ പിരിച്ചെടുത്തതിനേക്കാളും അധികം തുക അടവാക്കിയ സാഹചര്യം ഉണ്ടായി. 17.03.2019, 21.03.2019, 24.03.2019 തീയതികളിൽ കെൻസി ജോൺസൺ, നീതുമോൾ എന്നിവർ ആകെ പിരിച്ചെടുത്ത തുക 10393 രൂപയായിരുന്നു. എന്നാൽ 25.03.2019 പഞ്ചായത്തിൽ അടവാക്കിയത് 14398 രൂപയാണ്. അധികം അടവാക്കിയതുക മറ്റു വരവായി പരിഗണിക്കേണ്ടതാണ്.

എല്ലാ ചെലവുകൾക്കും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അവശ്യം വേണ്ട പല വിശദാംശങ്ങളും വൗച്ചറുകൾക്കൊപ്പം വച്ചിട്ടില്ല എന്നത് വൗച്ചറുകളുടെ ആധികാരികത ഇല്ലാതാക്കുന്നു. പല വൗച്ചറുകളും പ്രസിഡന്റ് ഒപ്പുവച്ച് ആധികാരികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ റിഫ്രെഷ്മെന്റ് ചാർജ് ഇനത്തിലെ ചെലവുകൾ നിർവ്വഹിച്ചിട്ടുള്ളത് ചെലവുകളുടെ സുതാര്യത ഉറപ്പുവരുത്താൻ കഴിയുന്ന രേഖകളുടെ പിൻബലത്തോടെയല്ല.

നികുതികളിലെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തുന്നില്ല. വസ്തുനികുതിയിനത്തിലെ വലിയകുടിശ്ശിക നടപടികളിലെ ഫലപ്രാപ്തിയില്ലായ്മയെ കാണിക്കുന്നു. വാർഷികകണക്കുകൾ പ്രകാരം തൊഴിൽനികുതി, വാടക, ഡി&ഒ ലൈസൻസ് ഇനങ്ങളിലും കുടിശ്ശികകൾ നിലനില്ക്കുന്നതായി കാണുന്നു. വാസഗൃഹം ഇനത്തിൽപെടുത്തി വസ്തുനികുതി നിർണയിച്ച പല കെട്ടിടങ്ങളിലും ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്. പഞ്ചായത്ത് അതിർത്തിയിലെ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിലൂടെ ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിലായി വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ആഭ്യന്തരനിയന്ത്രണത്തിൽ കാര്യക്ഷമതയില്ലായ്മ നിലനില്ക്കുന്നു.

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖ (സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010), കേരള സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് സാധനങ്ങളും സേവനങ്ങളും സമാഹരിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല. കമ്പ്യൂട്ടർ ഹാർഡ്‌വെയറിനും സോഫ്റ്റ്‌വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 11.11.2014ലെ സർക്കുലർ നം.74207/ഐ ബി 1/2013/ ത.സ്വ.ഭ.വ യിൽ നിർദേശിച്ചിരിക്കുന്ന മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കി വരുന്നു. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലാണ് ശമ്പളം നിർണ്ണയിച്ച് വിതരണം ചെയ്യുന്നത്. ഇത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തിവിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ കൃത്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആസ്തിരജിസ്റ്ററിലുള്ള റോഡുൾപ്പെടെയുള്ള പല ആസ്തികളുടെയും യാഥാർഥ വസ്തുത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. സുരക്ഷയെക്കരുതി വെട്ടിമാറ്റിയ മരങ്ങളുൾപ്പെടെയുള്ളവ ലേലം ചെയ്ത് മുതൽക്കൂട്ടാൻ സാധിക്കാത്തതും ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മയാണ്.

ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള വിവിധ വിഷയാടിസ്ഥാനത്തിലുള്ള നിയന്ത്രണ സംവിധാനം പൂർണ്ണതയിൽ എത്തിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.05.2019 | 4/19 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.2018 | 2016-17 | LBA(HQ)11/8A-2771/372,6.4.18 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു

1. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തീകരിക്കുകയും 31.03.2019 വരെ ആർജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുകയും ചെയ്തിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
2. വസ്തു നികുതി ഇനത്തിലെ കുടിശ്ശിക ഡിമാന്റ് തുക, വരവ്, ബാലൻസ് തുക സഞ്ചയ ഡി സി ബി പത്രികയുമായി പൊരുത്തപ്പെടുന്നില്ല. സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടപ്പാക്കുന്നതിന് മുമ്പ് 01.04.2013മുതൽ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടുള്ള പല രസീതുകളും പലവിധ കാരണങ്ങളാൽ ഇപ്പോഴും അഡ്വാൻസായി നിലനിൽക്കുന്നതായി വാർഷിക ധനകാര്യ പത്രികയോടൊപ്പമുള്ള നോട്ട് ഓൺ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
3. ഓഡിറ്റോറിയം & ഹാൾ എന്നിവയുടെ വാടക എന്ന ശീർഷകത്തിൽ വാർഷിക ധനകാര്യ പത്രികയിലെ തുകയ്ക്ക് ആധാരമായി സ്ഥാപനത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. നിർവ്വഹണ ഏജൻസികൾക്ക് (ഭൂജല വകുപ്പ്) മുൻകൂർ നൽകിയ ഇനത്തിൽ സ്ഥാപനത്തിലെ രജിസ്റ്ററിലെ തുകയും വാർഷിക ധനകാര്യ പത്രിക(RP-47 ഷെഡ്യൂൾ) യിലെ തുകയും പൊരുത്തപ്പെടുന്നില്ല.
5. എം ജി എൻ ആർ ഇ ജി എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് തുകയും RP-16 ഷെഡ്യൂൾ പ്രകാരമുള്ള തുകയും തമ്മിൽ 65,250 രൂപയുടെ വ്യത്യാസം നിനിൽക്കുന്നു.(2017-18 ൽ നൽകിയ തുകയുടെ റെക്റ്റിഫിക്കേഷൻ ജേണൽ എൻട്രി പ്രകാരമാണ് വ്യത്യാസം കാണുന്നത്).
6. ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം.25/2019 പ്രകാരം ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 5800 രൂപ ഗുണഭോക്തൃവിഹിതത്തിന്റെ ശീർഷകത്തിലാണ്(320800101) ഉൾപ്പെടുത്തിയിരിക്കുന്നത്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഭേദഗതി വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം ചുവടെ ചേർക്കുന്നയിനം കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു.

1. സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ
2. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന ആഡിറ്റോറിയം, ക്യാന്റീൻ...
3. 2006 ലെ എം എസ് എം ഇ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ
4. ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ

പ്രസ്തുത ഇനം കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നാളിതുവരെ പഞ്ചായത്ത് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തതിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.07.2019) നിരക്കുകൾ വിജ്ഞാപനം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-2 ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല

2018-19 വർഷം ജേക്കബ് എം എം, വടക്കേമുറിയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് വ്യവസായാവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് എന്ന ഗണത്തിൽപ്പെടുത്തി പഞ്ചായത്തിൽ ബാധകമായ ച.മീറ്ററിന് 15 രൂപ നിരക്കിൽ(23.10.2011 ലെ എ8-4065/11 നമ്പർ വിജ്ഞാപനം) 2/350 എ എന്ന നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ ഡി & ഒ ലൈസൻസിനായുള്ള അപേക്ഷ പരിശോധിച്ചതിൽ ടി കെട്ടിടത്തിൽ വടക്കേമുറിയിൽ ഇൻഡസ്ട്രീസ് എന്ന പേരിൽ ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റാണ് പ്രവർത്തിക്കുന്നതെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത ഗണത്തിലുള്ള കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമം ഇതര വ്യവസായാവശ്യവും ഇതിന് പഞ്ചായത്തിൽ ബാധകമായ നിരക്ക് ച.മീറ്ററിന് 50 രൂപയുമാണ് (23.10.2011 ലെ എ8-4065/11 നമ്പർ വിജ്ഞാപനം). ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/19.07.2019) വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-3 അനർഹമായി വസ്തുനികുതി ഒഴിവാക്കി നൽകി

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207(1)(ഇ) പ്രകാരം പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകൾ, വായനശാലകൾ, കളിസ്ഥലങ്ങൾ എന്നിവയെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 7/48 എന്ന് നമ്പരുള്ള പ്രസിഡന്റ്, വാഴൂർ ഫാമിലി ക്ലബ് എന്ന ഉടമസ്ഥതയിലുള്ള 130 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് വസ്തുവനികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15/18.07.2019) പ്രസ്തുത കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി സ.ഉ(അ)നം.20/2011/തസ്വഭവ/04.01.2011ന്റെയടിസ്ഥാനത്തിൽ ഇവയ്ക്ക് ബാധകമായ നിരക്കിൽ പരിഷ്കരിച്ചിട്ടില്ല.

1. ലൂർദ് മാതാ പാരിഷ് ഹാൾ ഓഡിറ്റോറിയം, അരുവിക്കുഴി
2. സെന്റ് പോൾസ് ചർച്ച് പാരിഷ് ഹാൾ, നെടുമാവ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് മേൽ പരാമർശിത ചട്ടപ്രകാരം അവക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.07.2019) ഇവയുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-5 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്തില്ല/ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ബാങ്ക്/ ധനകാര്യ/ ഇതര സ്ഥാപനങ്ങളെ തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ അവയിൽ നിന്നും 2018-19 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽ നികുതിയോ, സ്ഥാപനതൊഴിൽനികുതിയോ ഈടാക്കിയിട്ടില്ലായെന്നും കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അജയ് ഫിനാൻസ്, പള്ളിക്കത്തോട് |
| | |

| | |
|---|---|
| 2 | ഐഡിയൽ ബാങ്കേഴ്സ്, പള്ളിക്കത്തോട് |
| 3 | യുണൈറ്റഡ് ബാങ്കേഴ്സ്, പള്ളിക്കത്തോട് |
| 4 | കുഴിമറ്റം ഫിനാൻസ്, പള്ളിക്കത്തോട് |
| 5 | പള്ളിക്കത്തോട് അഗ്രി.ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി |
| 6 | റബ്ബറുല്പാദക സഹകരണ സംഘം, പള്ളിക്കത്തോട് |
| 7 | മലനാട് ക്ഷീരോല്പാദക സംഘം, ആനിക്കാട് |
| 8 | ആനിക്കാട് നിധി പ്രൈവറ്റ് ലിമിറ്റഡ്,പള്ളിക്കത്തോട് |
| 9 | തൃക്കാർത്തിക ചിറ്റ്സ് , പള്ളിക്കത്തോട് |

മേൽപ്പറഞ്ഞത് കൂടാതെ, വിവിധ അക്ഷയകേന്ദ്രങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, ആനിക്കാട്, നെടുമാവ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, മറ്റ് റബ്ബറുല്പാദക സഹകരണ സംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളെയും തൊഴിൽനികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിൽ, തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങൾ/ വ്യാപാരികളെ ഉൾപ്പെടുത്തിയുള്ള തൊഴിൽനികുതി (സ്ഥാപനങ്ങൾ/വ്യാപാരികൾ) രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തൊഴിൽനികുതിയിനത്തിലുള്ള യഥാർത്ഥ ഡിമാന്റ് കണക്കാക്കാൻ സാധിക്കുന്നില്ല. മേൽപ്പറഞ്ഞ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14 തീയതി 18.7.2019) മറുപടി ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും വ്യക്തികളുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# 2-6 പെർമിറ്റ് നൽകൽ-കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചില്ല

ശ്രീ.രാജേഷ് കെ ജേക്കബ്, കയ്യൂന്നപാറത്താഴെ, ആനിക്കാട് പി.ഒ എന്നയാൾ കെട്ടിടനിർമ്മാണാനുമതി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള കരമടച്ച രസീതിൽ ആനിക്കാട് വില്ലേജിലെ 217//1-1സർവ്വേ നമ്പരിലുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം 1ആർ 1 ച.മീ (101 ച.മീ) ആണ്. എന്നാൽ, ആനിക്കാട് വില്ലേജ് ഓഫീസർ നൽകിയിട്ടുള്ള ലൊക്കേഷൻ പ്ലാനിലും കൈവശാനുഭവ സർട്ടിഫിക്കറ്റിലും പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം 72 ച.മീ മാത്രമാണ്. ടി സ്ഥലത്തും അതോട് ചേർന്നുള്ള സർവ്വേ നം. 217/1-2 (46 ച.മീ ) സ്ഥലത്തുമായി ചുവടെ ചേർക്കും പ്രകാരം നാല് നിലകളും ഒരു സ്റ്റെയർ ക്യാബിനും ഉൾപ്പെട്ട 251ച.മീ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് എ3-ബിഎ(1954)/2019 തീയതി 4.1.2019 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സെല്ലാർ നില : 62.87 ച.മീ

തറ നില : 62.87 ച.മീ

ഒന്നാം നില : 57.87 ച.മീ

രണ്ടാം നില : 57.87 ച.മീ

സ്റ്റെയർ ക്യാബിൻ : 09.99 ച.മീ

**ആകെ : 251 ച.മീ**

കരമടച്ചതിന് ശേഷം 101 ച.മീറ്ററിൽ നിന്നും 29 ച.മീ സ്ഥലം വില്പന നടത്തിയിട്ടുള്ളതിനാലാണ് മേൽപ്പറഞ്ഞ പ്രകാരം സ്ഥല വിസ്തീർണ്ണത്തിൽ മാറ്റമുണ്ടായിട്ടുള്ളത് എന്നാണ് വാക്കാൽ അറിയിച്ചിട്ടുള്ളത്. അപ്രകാരമെങ്കിൽ, ടി പ്ലോട്ടിന്റെ വിസ്തീർണ്ണം 118 ച.മീ (72+46) ആകുന്നതും നിർമ്മാണം 2011ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ അദ്ധ്യായം 8 ൽ പറയുന്ന ചട്ടങ്ങൾക്ക് വിധേയവുമാണ്. 125 ചതുരശ്ര മീറ്ററിൽ കവിയാത്ത പ്ലോട്ടുകളിൽ നിർമ്മിക്കുന്ന പാർപ്പിടം/വാണിജ്യം അല്ലെങ്കിൽ രണ്ടും കൂടിയ കെട്ടിടങ്ങൾക്ക് പരമാവധി മൂന്ന് നിലകളും ഒരു സ്റ്റെയർ ക്യാബിനും വരെ (ചട്ടം 63) നിർമ്മിക്കുന്നതിനാണ് സാധാരണ വ്യവസ്ഥകളിൽ നിന്നും ചില ഇളവുകൾ നൽകിയിട്ടുള്ളത്. എന്നാൽ, 4 നിലകളും ഒരു സ്റ്റെയർ ക്യാബിനും ഉൾപ്പെട്ട കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 63 ന്റെ ലംഘനമാണ്.

പഞ്ചായത്തിൽ ലഭിയ്ക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ എൽ.എസ്.ജി.ഡി എഞ്ചിനിയറിംഗ് വിഭാഗം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്കാണ് നിർമ്മാണാനുമതി അല്ലെങ്കിൽ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകുന്നത് എന്നും മേൽപ്പരാമർശിച്ചിരിക്കുന്ന അപേക്ഷയിന്മേലും അസി.എഞ്ചിനിയർ സ്ഥലപരിശോധന നടത്തി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 62 പ്രകാരമാണ് നിർദ്ദിഷ്ട പ്ലാൻ എന്ന് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത് എന്നും നിർമ്മാണാനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ ആയതിൽ സംഭവിച്ചിരിക്കുന്ന പിഴവ് കക്ഷിയെ രേഖാമൂലം അറിയിക്കുന്നതിനും കെട്ടിട നിർമ്മാണം ബന്ധപ്പെട്ട ചട്ടങ്ങളിലെ ചട്ടം 63 ലംഘിയ്ക്കാത്ത രീതിയിൽ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 24 തീയതി. 19.7.2019) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ -ഒരവലോകനം

തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ് എന്നു കാണുന്നു.

| രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 3 | 4/333 | ജയിംസ് പി ജെ,പ്ലാത്തറ | പലചരക്ക് വ്യാപാരം |
| | | | |

| | | | |
|---|---|---|---|
| 7 | 2/241 | ജോസൺ ജോസഫ്, മാരാങ്കുഴിയിൽ | ഗിഫ്റ്റ് ഐറ്റംസ്, വില്പന |
| 18 | 2/148 | എം.ഡി, ARFSCബാങ്ക്, ആനിക്കാട് | കാർഷിക ഉപകരണങ്ങൾ വില്പന |
| 44 | 8/87 | ഡോ.മിനിമോൾ എബ്രഹാം, കുരുനാട്ട് | ഹോമിയോ ക്ലിനിക് |
| 89 | 2/524 | വിശ്വനാഥൻ വൈദ്യർ, മഠത്തിൽ ചിറയിൽ | ആയുർവേദ ഫാർമസി |
| 105 | 3/270 | പ്രശാന്ത് വി.പി, വരിക്കശ്ശേരിൽ | ഫർണിച്ചർ വ്യാപാരം |
| 125 | 9/96 | ബിബിൻ മാത്യു, കുത്തതയിൽ | പലചരക്ക് വ്യാപാരം |
| 129 | 2/152 | ടോം പ്രകാശ്, പള്ളത്ത് | വാച്ച്,ക്ലോക്ക് വില്പന |
| 133 | 13/352 | ലൂക്കാ കെ റ്റി, കൂട്ടക്കല്ലിൽ | കോൾഡ് സ്റ്റോറേജ് |
| 152 | 12/383 | ഹരീന്ദ്രൻ വി.സി, വേലംപറമ്പിൽ | കോൾഡ് സ്റ്റോറേജ് |
| 157 | 2/130 | ശ്രീജമോൾ എസ്, കല്ലൂരാത്ത് | ലോട്ടറി വ്യാപാരം |
| 191 | 3/213 | ഗോപകുമാർ ജി, ഗോപീസദനം | പലചരക്ക് വ്യാപാരം |
| 209 | 4/381 | പി റ്റി ജോസഫ്, പുല്ലാട്ട് | സ്റ്റേഷനറി കട |
| 212 | 3/138 | ദിലീപ് എസ്, രാജിനിവാസ് | സ്റ്റേഷനറി കട |
| 221 | 13/134 | രജനി കെ സെബാസ്റ്റ്യൻ, കൂവപോയ്കയിൽ | തയ്യൽക്കട |
| 234 | 2/152 | അനുമോൾ എം റ്റി, മുഞ്ഞപ്പള്ളി | വസ്ത്രവ്യാപാരം |
| 250 | 3/131 | നിതിൻ കുമാർ എം.എസ്, മറ്റത്തിൽമഠം | കണ്ണട വ്യാപാരം |
| 258 | 1/112 | സാബു കെ എസ്, ശിവതീർത്ഥം | വർക് ഷോപ്പ് |
| 288 | XI/324 | വിശ്വലാൽ,വെള്ളവനാൽ | പലചരക്ക് വ്യാപാരം |
| 294 | 3/308 | അനീഷ് കുമാർ ,കുഴിപ്പിലാത്ത് | എ.സി.സെയിൽ & സർവ്വീസ് |
| 295 | 7/221 | സൈമൺ വർഗ്ഗീസ്, തെങ്ങുമുറ്റത്തിൽ | ഹോട്ടൽ |
| 297 | 12/175 | സുധ ഒ.എസ്, വാലാനിക്കൽ | ബേക്കറി |
| 311 | 2/42 | രാധാകൃഷ്ണൻ നായർ, രാജേഷ്ഭവൻ | ലോട്ടറി വ്യാപാരം |

ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന, അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ ഉടമയുടെ പേരും ആ കെട്ടിടത്തിന്റെ യഥാർത്ഥ ഉടമയുടെ പേരും (സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്) വ്യത്യസ്തമായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | അപേക്ഷയിൽ ഉടമയുടെ പേര് | യഥാർത്ഥ ഉടമയുടെ പേര് (സഞ്ചയപ്രകാരം) |
|---|---|---|---|
| 3 | 4/333 | ജയിംസ് പി ജെ,പ്ലാത്തറ | ചിന്നമ്മ ജയിംസ്, പുറത്തുറ |
| 32 | 2/125 | പി ബി മണി, പാട്ടുപുത്തൻപുരയ്ക്കൽ | അമ്പഴത്തുങ്കൽ ക്ഷേത്രം |
| 89 | 2/524 | വിശ്വനാഥൻ നായർ, മഠത്തിൽ | സന്തോഷ്&ബിന്ദു, ശോഭന സദനം |

| | | | |
|---|---|---|---|
| | | ചിറയിൽ | |
| 102 | 2/45 | അബ്രാഹം ജോസ്, കുന്നിലേമുറിയിൽ | ജോസഫ് ചാക്കോ, നെടുമ്പുറം |
| 105 | 2/527 | വി കെ പ്രഭാകരൻ, വരിക്കശ്ശേരിൽ | അവിരാ ജോസഫ്, പോളയ്ക്കൽ |
| 121 | 13/506 | ജോസഫ്, പുതിയാപറമ്പിൽ | മിനി പി നായർ, സൗപർണ്ണിക |
| 122 | 6/335 എ | ജോം ടോണിയോ, വട്ടക്കുഴി | അന്തോനി, വട്ടവയലിൽ |
| 125 | 9/96 | ബിബിൻ മാത്യു, കുത്തതയിൽ | ശ്രീധരൻ, അക്കരയിൽ |
| 126 | 13/540 | ബിജു വർഗ്ഗീസ്, ഇല്ലിക്കൽ | ടോണി സഖറിയ, മൂങ്ങമാക്കൽ |
| 129 | 2/152 | പ്രഭാകരൻ കർത്താ, സരോജം | തോമസ് തോമസ്, മുണ്ടങ്കുന്ന് |
| 200 | 4/375 | ഗോപാലകൃഷ്ണൻ നായർ, പൊന്തപ്ലാക്കൽ | വർഗ്ഗീസ് ജോസഫ്, വരിക്കമുണ്ടയിൽ |
| 244 | 4/196 | ഉലഹന്നാൻ, ഉള്ളിരിപ്പിൽ | ചാക്കോ തൊമ്മൻ, പിച്ചളക്കാട്ട് |
| 257 | 13/480 | തോമസ് കുട്ടി, മുണ്ടേപ്പറമ്പിൽ | ആൻസി ടോം തോമസ് |
| 258 | 1/112 | പ്രസിഡന്റ്, NSS കരയോഗം | ചാക്കോ ദേവസ്യ |
| 266 | 1/7 | സജോ സെബാസ്റ്റ്യൻ, വരിക്കമാക്കൽ | മിനി ജേക്കബ്ബ്, പൂവത്തുങ്കൽ |
| 297 | 12/175 | സുധ ഒ.എസ്, വാലാനിക്കൽ | ഏലിക്കുട്ടി ജോസഫ്, മാഞ്ഞാകുഴി |

കൂടാതെ, സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുമായി ബന്ധപ്പെട്ട പരിശോധനയിൽ പല കെട്ടിടങ്ങളും 'സഞ്ചയ'യിൽ 'Building Not Found" എന്നാണ് കാണപ്പെടുന്നത്. വിശദാംശങ്ങൾ (രജിസ്റ്ററിലെ ക്രമ നം, ബ്രാക്കറ്റിൽ കെട്ടിട നമ്പർ എന്ന രീതിയിൽ) ചുവടെ ചേർക്കുന്നു.

32 (2/125), 40 (2/161 B), 41 (13/613 ), 56 (3/478), 111 (9/4-ബി), 132 ( 6/150 എ), 166 ( 13/532 എ), 185 (3/460), 191 (3/213(1), 194 (4/143), 204 ( 3/554) , 216 &217 (3/591 എ), 230 (3/543/2), 246 (1/172 എ), 261 ( 3/131/3), 287 ( 4/474 കെ1), 310 (13/96 സി ) .

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമനം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 867 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 106 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 03 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 74 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 03 |

| | | |
|---|---|---|
| 7 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 42 |
| 8 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 14 |
| | ആകെ | **1146** |

മേൽപ്പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട **1146** കെട്ടിടങ്ങളുണ്ടെങ്കിലും തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് **312** സ്ഥാപനങ്ങൾ മാത്രമാണ്. പ്രസ്തുത ലൈസൻസെടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ വ്യാപാര/വാണിജ്യ/വ്യവസായ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയോ അതനുസരിച്ച് ഡിമാന്റ് ചെയ്ത് ലൈസൻസ് ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 7, തീയതി.16.7.2019) മറുപടി ലഭിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കെട്ടിടം വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണോ എന്നോ ആ കെട്ടിടത്തിന്റെ ഉടമസ്ഥൻ ആരെന്നോ അല്ലെങ്കിൽ അങ്ങിനെയൊരു കെട്ടിടം തന്നെ നിലവിലുണ്ടോ എന്ന് പോലും പരിശോധിക്കാതെയാണ് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് എന്നത് ബന്ധപ്പെട്ട സെക്ഷനും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും എത്ര ലാഘവത്തോടെയാണ് ഈ വിഷയം കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര/വാണിജ്യ/ വ്യവസായ സ്ഥാപനങ്ങളെയും ലൈസൻസ് ഡിമാന്റിൽ ഉൾപ്പെടുത്തി ഫീസ് ഈടാക്കുകയും ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതുമാണ്.

# 2-8 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ വാടകയ്ക്ക് നൽകൽ -അപാകതകൾ

1) 2017-18 വാടക രജിസ്റ്ററിൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ മുറി വാടകയ്ക്ക് ലേലം/കരാർ കൊണ്ടിരുന്ന ശ്രീ. പ്രശാന്ത്, ചെമ്പകശ്ശേരിൽ എന്നയാൾ 2017 ഏപ്രിൽ മാസത്തെ മാത്രം വാടക ഒടുക്കിയിട്ടുള്ളതായും 5/17 മുതൽ 9/17 വരെയുള്ള വാടക കുടിശ്ശികയുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. 16/9/17 ലെ 2(ഇ) നമ്പർ തീരുമാനം എന്ന് 2017-18 വാടക രജിസ്റ്ററിലും 'മുറി നന്നാക്കുന്നതിന് ഒഴിവാക്കി" എന്ന് 2018-19 രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾക്കായി 2017 സെപ്തംബർ മാസത്തിൽ ഒഴിപ്പിച്ച മുറി നാളിതുവരെ ലേലംചെയ്ത് നൽകിയിട്ടില്ലാത്തത് മൂലം പഞ്ചായത്ത്ഫണ്ടിന് വലിയ നഷ്ടമുണ്ടാകുന്നുണ്ട്. മാത്രമല്ല, 5/17 മുതൽ 9/17 വരെയുള്ള വാടക കുടിശ്ശിക 28655/- രൂപയും ഈ കാലയളവിലെ പലിശയും ടിയാനിൽ നിന്നും ഈടാക്കിയിട്ടുമില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4 തീയതി 12.7.2019) ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി ചുവടെ ചേർക്കുന്നു.

"പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തെ പദ്ധതിയുടെ ഭാഗമായി റിനവേഷനു വേണ്ടി ഒഴിപ്പിച്ച ബസ് സ്റ്റാൻഡ് ഷോപ്പിംഗ് സെന്ററിലെ എസ്.സി.വിഭാഗത്തിനു വേണ്ടി നീക്കി വച്ചിരുന്ന ഒന്നാം നമ്പർ മുറി റിനവേഷൻ കഴിഞ്ഞതിനാൽ പുനർലേലം ചെയ്യുന്നതിന് 7/7/2018 ലെ 15ം നമ്പർ തീരുമാനപ്രകാരം നിശ്ചയിച്ചിട്ടുള്ളതും തുടർന്ന് വിവിധ തീയതികളിലായി 5 തവണ

ലേലം നടത്തിയിരുന്നെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല. 5/17 മുതൽ 9/17 വരെയുള്ള വാടക കുടിശ്ശിക അടവാക്കുവാൻ ടിയാൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതും തുടർന്ന് ടിയാന്റെ അപേക്ഷ പരിഗണിച്ച് 2 തവണകളായി കുടിശ്ശിക അടയ്ക്കുവാൻ പഞ്ചായത്ത് കമ്മിറ്റി സാവകാശം നൽകിയിട്ടുള്ളതുമാണ്".

പ്രസ്തുത മുറി ലേലംചെയ്ത് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) 2018-19 വാടക രജിസ്റ്റർ പ്രകാരം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 6-ാം നമ്പർ മുറി വാടകയ്ക്ക് ലേലം/കരാർ കൊണ്ടിരുന്ന ശ്രീ.ഉണ്ണികൃഷ്ണൻ, കൊമ്പിലാക്കൽ 2019 ജനുവരി മാസം വരെയുള്ള വാടക മാത്രമാണ് ഒടുക്കിയിട്ടുള്ളത്. എന്നാൽ, ടിയാന് കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടില്ല. പിന്നീട്, 2019-20 ൽ ടി മുറി ജൂൺ മാസം മുതലാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്.

ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 6ം നമ്പർ മുറി അനാരോഗ്യം മൂലം ഒഴിയുകയാണെന്ന് ടിയാൻ അറിയിച്ചിരുന്നതിനാലാണ് 2,3 മാസങ്ങളിലെ വാടക ഈടാക്കാതിരുന്നത് എന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ടി തുക ഈടാക്കുന്നതാണ് എന്നുമാണ് സെക്രട്ടറി മറുപടി നൽകിയിട്ടുള്ളത്. തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 2-9 ഇ-ടെണ്ടർ ഫോറവില-പഞ്ചായത്തിന് ലഭ്യമായില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ പഞ്ചായത്തിന് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19വർഷം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജ.നം/പ്രോജക്ട് | ലഭിച്ച ടെണ്ടറുകളുടെ എണ്ണം |
|---|---|
| 216/19 ഇളമ്പള്ളി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ | 1 |
| 110/19 കൃഷിഭവൻ ഭാഗം കുടിവെള്ള പദ്ധതി പൂർത്തീകരണം | 2 |
| 56/19 മറ്റപ്പള്ളി അങ്കണവാടി കെട്ടിടനിർമ്മാണം | 2 |
| 57/19 ഇളമ്പള്ളി മാർക്കറ്റ് അങ്കണവാടി കെട്ടിടനിർമ്മാണം | 2 |
| 60/19 മൃഗാശുപത്രിക്ക് ഒന്നാംനില നിർമ്മാണം | 2 |
| 122/19 മരോട്ടി മേജർ കുടിവെള്ള പദ്ധതി | 2 |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് (എസ്.ബി.ഐ. അക്കൗണ്ട് നം.37549403774) ആരംഭിച്ചിട്ടുണ്ട്. 06.03.2018-ൽ ആരംഭിച്ച ടി അക്കൗണ്ടിലേക്ക് നാളിതുവരെ ഇ-ടെൻഡർ ഫോമിന്റെ മൂല്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭിച്ചിട്ടില്ല. തുക അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ ഫോം വില, State Goods and Services Tax(SGST), Central Goods and Services Tax(CGST) എന്നിവ കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 2-10 വിവിധ പ്രവൃത്തികളുടെ ഭാഗമായി പൊളിച്ചു നീക്കിയ സാമഗ്രികൾ ലേലം നടത്തി നീക്കം ചെയ്തിട്ടില്ല

ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഭാഗമായി സൈറ്റിൽ നിന്നും പൊളിച്ചുനീക്കിയ സാമഗ്രികളുടെ സർവ്വേ റിപ്പോർട്ട് അസി.എഞ്ചിനീയർ സെക്രട്ടറിയ്ക്ക് കൈമാറിയിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ട് | പൊളിച്ചു നീക്കിയ സാമഗ്രികൾ |
|---|---|---|
| 195/19 | കുറുംകുടി അംഗൻവാടി മെയിന്റനൻസ് | Roofing tiles – 39.114 $m^2$ |
| 176/19 | മൈലാടിക്കര അംഗൻവാടി മെയിന്റനൻസ് | Roofing tiles – 39.114 $m^2$<br>wooden rafters and other wooden items– 0.270 $m^3$ |
| 167/19 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് | RCC work -0.918 $m^3$<br>brick work – 2.947 $m^3$<br>cement concrete -1.323 $m^3$ |
| 163/19 | വി.ഇ.ഓ ഓഫീസ് മെയിന്റനൻസ് പൂർത്തീകരണം | Steel window – 1 |

എന്നാൽ നിലവിലും സാധനങ്ങൾ സൈറ്റുകളിൽ തന്നെ സ്റ്റോക്ക് ചെയ്തിരിക്കുന്ന അവസ്ഥയിലാണ്. ലേല നടപടികൾ സ്വീകരിച്ച് ടി ഇനങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കെ.യു.ആർ.ഡി.എഫ്.സി. ലോൺ ഇനത്തിൽ

# ഗ്രാമപഞ്ചായത്തിന് വൻബാദ്ധ്യത

ഗ്രാമപഞ്ചായത്തിന്റെ 28.09.18ലെ 6/6 നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന് വൻ ലോൺ ബാദ്ധ്യത നിലനിൽക്കുന്നതായി വ്യക്തമാകുന്നു. കമ്മിറ്റി തീരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

20.8.83ൽ പൂർത്തിയായ വെയിറ്റിംഗ് ഷെഡ് കം ഷോപ്പിംഗ് സെന്റർ എന്ന പ്രവൃത്തിക്കും 31.10.84ൽ പൂർത്തീകരിച്ച ഷോപ്പിംഗ് സെന്റർ കം ഓഫീസ് എന്ന പ്രവൃത്തിക്കുമായി യഥാക്രമം 91,044/- രൂപ, 57,92,271/- രൂപ വീതം ലോൺ എടുത്തതായി 10.2.10ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ധനകാര്യമന്ത്രിക്ക് അയച്ച കത്തിൽ പറയുന്നു. കത്ത് പ്രകാരം ടി കാലയളവ് വരെ അടവാക്കാനുള്ളതായി രേഖപ്പെടുത്തിയ തുക 86,14,125/- രൂപയാണ്. എന്നാൽ തുടർവർഷങ്ങളിൽ തുക കൂടി വരുകയും കെ.എസ്.ആർ.ഡി.ബി.യിൽ നിന്ന് എടുത്തിട്ടുള്ള 474/എ3/8/ആർ.ഡി.ബി. നമ്പർ വായ്പ 23.12.2002 മുതൽ റവന്യൂ റിക്കവറിയിലാണെന്നും ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ബാദ്ധ്യത 76,27,988/- രൂപയാണെന്നും 27.7.2012ൽ കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ കത്ത് ലഭിച്ചു. 13.4.2012ലെ ജി.ഒ.(എം.എസ്.)102/2012/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ടി തുക പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ ബാദ്ധ്യതയാണ്. 2014-15ൽ 6 ലക്ഷം, 15-16ൽ 3 ലക്ഷം, 16-17ൽ 4 ലക്ഷം, 17-18ൽ 4 ലക്ഷം ഉൾപ്പെടെ 17 ലക്ഷം രൂപ വാർഷിക പദ്ധതി പ്രകാരം ഒടുക്കി. ശേഷം കുടിശ്ശിക-59,27,988/-. എന്നാൽ കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറിൽ നിന്ന് 7.4.18ൽ ലഭിച്ച അറിയിപ്പ് പ്രകാരം മുതലിനത്തിൽ 27,64,279/- രൂപ പലിശ 62,14,060/- രൂ കൂട്ടുപലിശ 7,04,405 രൂപ ഉൾപ്പെടെ ആകെ 96,82,744 രൂപ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുള്ളതായും 24.2.10ലെ 14115/10/തസ്വഭവ ഉത്തരവ് പ്രകാരം 17,54,756/- രൂപ ഇളവ് ചെയ്ത് ബാദ്ധ്യത 79,27,988 രൂപയാക്കി നിജപ്പെടുത്തിയതായും ഇത് 3,81,399/- രൂപയുടെ 20 തുല്യ ഗഡുക്കളായി ഗ്രാമപഞ്ചായത്ത് അടയക്കണമെന്നും നിർദ്ദേശിച്ചു. 2014-15, 2015-16 വർഷങ്ങളിലായി ഒടുക്കിയ 9 ലക്ഷം കിഴിച്ച് 67,27,988/- രൂപ ടി ദിവസം കുടിശ്ശികയുള്ളതായി ടി കത്തിൽ പറയുന്നു. കൂടാതെ 2016-17, 2017-18 വർഷങ്ങളിലടച്ച 8 ലക്ഷം കൂടി കിഴിച്ചാൽ 62,27,988/- രൂപ പഞ്ചായത്തിന്റെ ബാദ്ധ്യതയായി കാണുന്നു.

ഇതിനകം അടച്ചിട്ടുള്ള 17 ലക്ഷം കിഴിച്ച് ബാക്കി തുക കാലതാമസം വരുത്താതെ അടയ്ക്കണമെന്ന് 18.9.18ലെ കത്തിൽ കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോടതിയിൽ കോടതിയിൽ കേസ് ഫയൽ ചെയ്യാൻ തീരുമാനിച്ച് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ബെന്നി തോമസിനെയും പ്രസിഡന്റ് ജിജി അഞ്ചാനിയെയും ചുമതലപ്പെടുത്തി.

ലോൺ തിരിച്ചടവ് പ്രോജക്ട് പ്രകാരമുള്ള 4 ലക്ഷം രൂപ സാമ്പത്തിക വർഷം അവസാനത്തേക്ക് അടയ്ക്കാനും തീരുമാനിച്ചു.

കമ്മിറ്റി തീരുമാനത്തിൻ മേൽ എടുത്ത നടപടി സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.1/12.7.19ന്റെ ക്രമ നം.7 പ്രകാരം വിവരം നൽകാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

ലോൺ കുടിശ്ശിക സംബന്ധിച്ച വ്യക്തത വരുത്തുന്നതിനും ബാദ്ധ്യത വർദ്ധിക്കാതെ തിരിച്ചടവിന് സാവകാശം തേടുന്നതിന് സർക്കാർ തലത്തിലുള്ള നടപടികൾക്കായി പഞ്ചായത്ത് അപേക്ഷ നൽകുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 3-2 ഇല്ലാത്ത തസ്തികയിൽ ദിവസവേതന നിയമനം നടത്തിയത്

ഗ്രാമപഞ്ചായത്തിൽ 2പാർട്ട് ടൈം സ്വീപ്പർമാരുടെ തസ്തികയാണ് നിലവിലുള്ളത്. എന്നാൽ 18/6/2018 മുതൽ ഓഡിറ്റ് കാലയളവിൽ പ്രിയ.സി.കൃഷ്ണൻ എന്നയാളെ ഫുൾ ടൈം സ്വീപ്പറായി പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് വേതനം നല്കിയിട്ടുണ്ട്. നിലവിൽ സ്വീപ്പിംഗ് ഏരിയ 774.52ച.മീ ഉണ്ടെന്ന കാരണമാണ് കമ്മിറ്റി ഇപ്രകാരം നിയമനം നടത്തുന്നതിന് അടിസ്ഥാനമാക്കിയത്. ഓഡിറ്റ് കാലയളവിൽ 138135 രൂപ ഈയിനത്തിൽ ചെലവുണ്ട്. ഇപ്രകാരം സർക്കാർ അനുമതി കൂടാതെ നിലവിലില്ലാത്ത തസ്തികയിൽ നിയമനം നടത്തി വേതനം നല്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/17.07.2019)മറുപടി ലഭിച്ചില്ല. കൂടാതെ ധനവകുപ്പിന്റെ 21.7.2018 ലെ 112/2018 നമ്പർ പ്രകാരമുള്ള ദിവസവേതനം സംബന്ധിച്ച ഉത്തരവിൽ ഒരുമാസം പരമാവധി അനുവദനീയമായ തുക 645/- രൂപ വീതം 17425/- രൂപ മാത്രമാണ്. എന്നാൽ വൗച്ചർ നം. 21800716/3.12.2018 പ്രകാരവും 21800836/5.1.2019 പ്രകാരവും 18060/- രൂപ വീതം നൽകിയതിലൂടെ ആകെ 1280 (640x2) അധികം നൽകിയിട്ടുണ്ട്. ഇത് അനുവദനീയമല്ല. അധികതുക തിരികെ ഈടാക്കേണ്ടതാണ്.

ദിവസവേതനം ഇനത്തിൽ വിവിധ വൗച്ചറുകളിലായുള്ള 138135/രൂപയുടെ ചെലവിൽ അധികം നൽകിയ 1280/- രൂപ കിഴിച്ച് 136855/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-3 ശമ്പള രഹിത അവധിയിലായിരുന്ന കാലത്ത് അനർഹമായി ശമ്പളം നല്കി

ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. കെൻസി ജോൺസൺ 2019 ജനവരി മാസം 30,31 തീയതികളിൽ ശൂന്യവേതനാവധിയിലായിരുന്നുവെന്ന് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വൗച്ചർ നം.21800951/1-2-19 പ്രകാരമുള്ള ജനുവരിമാസത്തെ ശമ്പളബിൽ പരിശോധിച്ചതിൽ ടിയാന് എല്ലാ ദിവസത്തെയും ശമ്പളം നല്കിയതായി കാണുന്നു.

| നല്കിയ ശമ്പളം | നല്കാവുന്നത് | അധികം | |
|---|---|---|---|
| അടിസ്ഥാന<br>ശമ്പളം- 25850.<br>ഡി.എ-3878<br>എച്ച്.ആർ.എ-1000<br>പി.സി.എ-140<br>ആകെ- 30868.<br>കിഴിവുകൾ-20802. | അടിസ്ഥാന<br>ശമ്പളം-24182<br>ഡി.എ-3628<br>എച്ച്.ആർ.എ-935<br>പി.സി.എ-131<br>ആകെ- 28876<br>കിഴിവുകൾ-20802. | അടിസ്ഥാന<br>ശമ്പളം-1668<br>ഡി.എ-250<br>എച്ച്.ആർ.എ-65<br>പി.സി.എ-9<br>ആകെ- 1992 | അധികം നല്കിയ ആകെ തുക-<br>1992/ |

| | | | |
|---|---|---|---|
| അറ്റതുക-10066. | അറ്റതുക-8074 | | |

കൂടാതെ ടിയാൾ ഫെബ്രുവരി മാസം(2019) 1ാം തീയതി ശമ്പള രഹിത അവധിയിലായിരുന്നിട്ടും വൗച്ചർനം.21801065/1.3.19, ഫെബ്രുവരിമാസത്തെ ശമ്പള ബിൽ പ്രകാരം മുഴുവൻ ദിവസങ്ങളിലെയും ശമ്പളം നല്കിയിട്ടുണ്ട്.

| നല്കിയ ശമ്പളം | നല്കാവുന്നത് | അധികം | |
|---|---|---|---|
| അടിസ്ഥാന ശമ്പളം- 25850.<br>ഡി.എ-3878<br>എച്ച്.ആർ.എ-1000<br>പി.സി.എ-140<br>ആകെ- 30868<br>കിഴിവുകൾ-20802<br>അറ്റതുക-10066 | അടിസ്ഥാന ശമ്പളം- 24927<br>ഡി.എ-3740<br>എച്ച്.ആർ.എ-964<br>പി.സി.എ-135<br>ആകെ- 29766<br>കിഴിവുകൾ-20802<br>അറ്റതുക-8964 | അടിസ്ഥാന ശമ്പളം- 923<br>ഡി.എ-138<br>എച്ച്.ആർ.എ-36<br>പി.സി.എ-5<br>ആകെ- 1102 | അധികം നല്കിയ ആകെ തുക-1102 |

(ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 17/19.07.2019 ന് മറുപടി നൽകിയില്ല) ശ്രീ.കെൻസി ജോൺസൺ, ക്ലർക്ക് ന് മേൽ ചേർത്തിരിക്കുംവിധം ആകെ 3094/രൂ(1992 +1102) അർഹതപ്പെട്ടതിലും അധികമായി നല്കിയത് അംഗീകരിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 സ്ഥലം മാറ്റം - മുൻകൂർ ശമ്പളം ക്രമീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായിരുന്ന ശ്രീ.കെ.കെ.മാത്യു 26-10-2018 അപരാഹ്നത്തിൽ സ്ഥലം മാറ്റത്തിലൂടെ വിടുതൽ ചെയ്യപ്പെട്ടിരുന്നു. ടിയാന് വൗച്ചർ നം.21800535/27.10.18 ആയി സ്ഥലം മാറ്റ മുൻകൂർ ഇനത്തിൽ 28290/(അടിസ്ഥാന ശമ്പളം 24600 + ഡി.എ3690) രൂപ നല്കിയിരുന്നു. കൂടാതെ സ്ഥാപനത്തിൽ ജോലിയിലിരുന്ന കാലത്തെ ശമ്പളം തൊട്ടടുത്ത മാസവും (കിഴിവുകൾ നടത്തി) നല്കിയിരുന്നതായി ശമ്പളബില്ലിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ മുൻകൂറായി നല്കിയ തുക ടിയാനിൽ നിന്ന് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.

കൂടാതെ ടിയാൻ ഉത്സവ അഡ്വാൻസായി കൈപ്പറ്റിയതിൽ 9000/രൂപയും തിരികെ അടച്ചിട്ടില്ല. (തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 9/17.7.2019) സ്ഥലം മാറ്റപ്പെട്ട് ജോലിയിൽ പ്രവേശിച്ച ശേഷം ടിയാൻ കുറെനാൾ ശമ്പളരഹിത അവധിയിലും പിന്നീട് അനുമതിയില്ലാതെ ജോലിക്ക് ഹാജരാകാതെയിരുന്നതിനാലും ശമ്പളം നല്കിയിട്ടില്ലയെന്ന മലപ്പുറം ജില്ലയിലെ ചാലിയാർ പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ പകർപ്പുൾപ്പെടെ മറുപടി നല്കി.

തിരികെ ലഭിക്കാത്ത സ്ഥലംമാറ്റ മുൻകൂർ ശമ്പളം, ഓണം മുൻകൂർ എന്നിവയുടെ ആകെ തുക 37290/രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-5 പരസ്യചാർജ്- അധിക ചെലവ്

വികസന ഫണ്ട് (സാധാരണ വിഹിതം) വകയിരുത്തി സെക്രട്ടറി നടപ്പാക്കിയ പ്രോജക്ട് നം.04/2018-19- പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട പരസ്യങ്ങൾ മലയാള മനോരമ ദിനപത്രത്തിലാണ് നൽകിയിട്ടുള്ളത്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പരസ്യത്തിന്റെ ആവശ്യം | പത്രത്തിൽ പരസ്യം വന്ന തീയതി | നൽകിയ തുക(രൂപ) | ബിൽ നം., തീയതി |
|---|---|---|---|---|
| 1 | 2018-19 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 27.07.2018 | 6983 | 23/28.01.2019 |
| 2 | 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 06.09.2018 | 6983 | 13/22.10.2018 |
| 3 | 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 25.09.2018 | 6983 | 13/22.10.018 |
| 4 | 2018-19 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 26.09.2018 | 6983 | 13/22.10.018 |
| 5 | 2017-18 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 10.10.2018 | 6983 | 23/28.01.2019 |
| 6 | 2018-19 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 16.11.2018 | 6983 | 23/28.01.2019 |
| 7 | 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 11.01.2019 | 6983 | 23/28.01.2019 |
| 8 | 2018-19 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 05.02.2019 | 6983 | 33/18.03.2019 |
| 9 | 2018-19 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 07.02.2019 | 6983 | 33/18.03.2019 |
| 10 | 2018-19 വർഷത്തെ പൊതുമരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്തത് | 17.02.2019 | 6983 | 33/18.03.2019 |
| 11 | 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന വിവിധ വൈദ്യുതീകരണ | 20.02.2019 | 6983 | 33/18.03.2019 |

| | | | | |
|---|---|---|---|---|
| | പ്രവൃത്തികൾ ടെൻഡർ ചെയ്തത് | | | |
| | ആകെ | | 76813 | |

മരാമത്ത് പ്രവൃത്തികൾക്കും മറ്റ് പദ്ധതികൾക്കും പ്രത്യേകമായി ടെൻഡർ ക്ഷണിക്കുന്നത് കാരണം ആവർത്തനചെലവ് ഉണ്ടാകുന്നുണ്ട്. 09/2018ൽ വിവിധ പ്രവൃത്തികളുടെ ടെൻഡർ ക്ഷണിക്കുന്നതിന് രണ്ട് പരസ്യവും മരാമത്ത് പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതിനുള്ള ഒരു പരസ്യവും ഉൾപ്പെടെ ആകെ മൂന്ന് പരസ്യം നൽകിയിട്ടുണ്ട്. 10.10.2018 ൽ നൽകിയിരിക്കുന്ന പരസ്യത്തിൽ 2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികൾക്കാണ് ടെൻഡർ ക്ഷണിച്ചിരിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെൻഡർ ക്ഷണിച്ചുകൊണ്ട് 05.02.2019 ലും 07.02.2019ലും പരസ്യം നൽകിയിട്ടുണ്ട്. ഇപ്രകാരം പരസ്യങ്ങൾ പാഴ്ചെലവിന് കാരണമാകുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/19.07.2019) മറുപടി നൽകിയില്ല. പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതും തുടർ വർഷങ്ങളിൽ പരസ്യ ചെലവ് നിയന്ത്രിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 കാർഷിക വിപണനകേന്ദ്രം കെട്ടിടനിർമ്മാണം- അലുമിനീയം ഷീറ്റ് റൂഫിംഗിലെ അധിക ചെലവ് - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 178/19 |
| അടങ്കൽ | 50,000 രൂപ (വികസനഫണ്ട് (പൊതുവിഭാഗം))<br>3,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് | 33,371 രൂപ (വികസനഫണ്ട് (പൊതുവിഭാഗം))<br>(ബിൽ നം - 26/19-11-18 )<br>3,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>(വൗച്ചർ നം - 21800673/15-11-18)<br>ആകെ - 3,33,371 രൂപ |
| എം ബുക്ക് നം | 71,72 /17-18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

പള്ളിക്കത്തോട് ബസ് സ്റ്റാന്റിനു സമീപം കാർഷിക വിപണനകേന്ദ്രം സ്ഥാപിക്കാനായി 2017-18 വർഷം തുടങ്ങിയ പ്രസ്തുത പ്രോജക്ട് 2018-19 വർഷം സ്പിൽ ഓവറായി പൂർത്തീകരിച്ചു. ടെണ്ടർ

നടപടിക്രമങ്ങൾ പൂർത്തിയാക്കി 18-09-17 ൽ കരാറുകാരനായ ശ്രീ ജോഷി സഖറിയാസുമായി കരാറിലേർപ്പെട്ടു. ഒറിജിനൽ എസ്റ്റിമേറ്റിൽ കെട്ടിടത്തിന് അലുമിനിയം ഷീറ്റ് റൂഫ് ആണ് നിശ്ചയിച്ചത്. പിന്നീട് RCC framed structure നൽകാൻ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ട് തികയാതെ വന്നതിനാൽ അലുമിനിയം ഷീറ്റ് റൂഫ് നൽകിയാണ് പ്രോജക്റ്റ് പൂർത്തീകരിച്ചത്. തുടർന്ന് നാല് ലക്ഷം രൂപയ്ക്ക് കെട്ടിട പൂർത്തീകരണ പദ്ധതി തയ്യാറാക്കി നിലവിലുള്ള അലുമിനീയം ഷീറ്റ് മാറ്റി RCC ബീം, സ്ലാബ് ഇവ ഉൾപ്പെടുത്തി 2019-20 ൽ പ്രവൃത്തി പൂർത്തീകരിച്ചു. അഴിച്ചുമാറ്റിയ അലുമിനീയം ഷീറ്റ്, ജി.ഐ റിഡ്ജ് എന്നിവ പഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. പ്രോജക്റ്റ് പൂർത്തീകരണത്തിന്റെ ഭാഗമായി കോൺക്രീറ്റ് റൂഫിംഗ് ചെയ്തിരുന്നതിനാൽ അലുമിനീയം ഷീറ്റ് റൂഫിംഗ് നൽകിയത് അനാവശ്യ ചെലവായി വിലയിരുത്തുന്നു. (എം ബുക്ക് 72/17-18 പേജ് നം. 14,15).

| റിവൈസ്ഡ് എസ്റ്റിമേറ്റിലെ ക്രമ നം | പ്രവൃത്തി | എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| 20 | Structural steel work in built up sections, trusses and framed work | 234.27 Kg | 23,928 |
| 21 | Providing and fixing Aluminium trafford sheet | 48.39 $m^2$ | 36,425 |
| 22 | Providing ridges or hips | 9.49 m | 5615 |
| | | ആകെ | 65968 |

സ്റ്റീൽ സ്റ്റെയർ നൽകി അലുമിനീയം ഷീറ്റ് RCC റൂഫിന് മേൽ നൽകുവാൻ കെട്ടിട പൂർത്തീകരണ പ്രോജക്റ്റിലും ഫണ്ട് തികയാതെ വന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അസി.എഞ്ചിനീയർ മറുപടി നൽകി (നം. 05/15.07.19). ആവശ്യകത കൃത്യമായി വിലയിരുത്താതെ ഫണ്ട് വകയിരുത്തിയതിനാലാണ് ഒരേ കെട്ടിടനിർമ്മാണത്തിന് ഒന്നിൽ കൂടുതൽ പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടി വന്നിട്ടും പ്രോജക്റ്റ് പൂർത്തീകരിക്കാൻ കഴിയാതെ പോയത്. അധികം ചെലവഴിച്ച 65,968 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അലുമിനീയം ഷീറ്റുകൾ മറ്റ് പ്രോജക്റ്റുകൾക്കുപയോഗിച്ച് ഉപയോഗയോഗ്യമാക്കാൻ പഞ്ചായത്ത് ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-7 റെക്കോർഡ് റൂം സജ്ജമാക്കൽ-ചെയ്ത

## ഇനങ്ങളുടെ അളവ് പരിശോധിച്ചുറപ്പാക്കാതെ തുക നല്കി

ഐ.എസ്.ഒ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് റെക്കോർഡ് റൂം സജ്ജമാക്കൽ എന്ന സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിനായി വികസനഫണ്ട് 115534/, തനത്ഫണ്ട് 184466/രൂപ വീതം ആകെ 300000/രൂപ വകയിരുത്തിയിരുന്നു. കാഡ്കോ(KADCO)യുടെ 1-11-2018ലെ ഇൻവോയ്സ് പ്രകാരം റെക്കോർഡ് റൂം ഫയൽ കബോർഡ് 840 L x240 H x 40 D കെമിക്കലി ട്രീറ്റഡ് റബ്ബർ തടിയുടേത് ചതുരശ്രമീറ്ററിന് 11836/രൂ നിരക്കിൽ 20.16 ച.മീ 238614/രൂപ, ഫയൽഷെൽഫ് 18 മി.മീ.കനം റബർതടിക്ക് ചതുരശ്രമീറ്ററിന്1990/രൂ നിരക്കിൽ 7.8 ച.മീ ക്ക് 15522/രൂപ വീതം 18% ജി.എസ്.ടി യും ചേർത്ത് 299880രൂപ ക്വോട്ട് ചെയ്തു. ടെന്റർ നല്കിയ 2 സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്കായതിനാൽ കാഡ്കോ യ്ക്ക് പ്രവൃത്തി ഏല്പിച്ചുനല്കി. പ്രവൃത്തി പൂർത്തീകരിച്ച് മേൽപറഞ്ഞ അളവുകളുടെയും തുകയുടെയും ഇൻവോയ്സ് നം.KADCO/CRO/SALE/2018-19/160തീ.18-12-18 സമർപ്പിച്ചു. ആയതിൻപ്രകാരം 299880/രൂ കാനറബാങ്ക് അക്കൗണ്ട് നം.0822101011409 (ഐ.എഫ്.എസ് കോഡ് CNR0000822)ലേക്ക് മാറ്റി നല്കിയിട്ടുമുണ്ട് .

എന്നാൽ തുക നല്കുന്നതിന് മുൻപായി ഇൻവോയ്സ് പ്രകാരമുള്ള അളവിൽതന്നെ പ്രവൃത്തി പൂർത്തീകരിച്ചുവെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അളന്ന് ഉറപ്പുവരുത്തുകയുണ്ടായില്ല. കൂടാതെ പ്രവൃത്തിയുടെ ബില്ലിൽ നിന്ന് 2% ജി.എസ്.ടി ഈടാക്കുകയും ഉണ്ടായില്ല. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 2,99,880/ തടസ്സപ്പെടുത്തുന്നു.

# 3-8 ഫാർമസി സ്റ്റോറിലും മരുന്ന് വിതരണ കൗണ്ടറിലും എസി സ്ഥാപിക്കൽ - ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 51/19 |
| അടങ്കൽ | 100000 (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്) |
| ചെലവ് | 96600 (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്) |
| ബിൽ നം | 22/26-03-19 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |

ഒരു വർഷ വാറന്റിയും 10 വർഷം കംപ്രസ്സർ വാറന്റിയുമുള്ള 2 എൽ.ജി എസികൾ പി.എച്ച്.സിയിലെ ഫാർമസി സ്റ്റോർ, മെഡിക്കൽ ഓഫീസറുടെ ഓ.പി സെക്ഷൻ എന്നിവിടങ്ങളിൽ സ്ഥാപിച്ചു. എന്നാൽ തീർത്തും പഴയകെട്ടിടത്തിന്റെ വൈദ്യുതവയറിംഗുകൾ കാലഹരണപ്പെട്ടതിനാൽ എസിയ്ക്ക് വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. കേരള സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ പെടുത്തി കെട്ടിടം നവീകരിക്കുന്നതിനാൽ കെട്ടിടനിർമ്മാണം

പൂർത്തീകരിച്ചതിനു ശേഷം മാത്രമേ എസി പ്രവർത്തന ക്ഷമമാക്കാൻ കഴിയൂ എന്ന് മെഡിക്കൽ ഓഫീസർ പ്രാദേശിക പരിശോധനാ വേളയിൽ അറിയിച്ചു. എക്സ്റ്റെൻഡഡ് വാറന്റി ഉൾപ്പെടെ ഉപകരണത്തിന്റെ വാറന്റി പീരീഡ് മൂന്ന് വർഷം മാത്രമാണ്. നിലവിവുള്ള ഭൗതിക സാഹചര്യം വിലയിരുത്താതെ പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയതാണ് ഇപ്രകാരമുള്ള അവസ്ഥ സംജാതമാക്കിയത്. കെട്ടിട നിർമ്മാണ കാലയളവിൽ എസിയുടെ പരിപാലനം മെഡിക്കൽ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യത്തിൽ ചെലവഴിച്ച 96,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-9 അരുവിക്കുഴി ടൂറിസം- ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ചുമതലയിലുള്ള സ്ഥലത്ത് പ്രവൃത്തികൾ നടത്തിയത്

**1.മോട്ടോർ സ്ഥാപിക്കൽ:മോട്ടോറിന്റെ ബില്ലുൾപ്പെടെ രേഖകളില്ല**

അരുവിക്കുഴി ടൂറിസവുമായി ബന്ധപ്പെട്ട് മോട്ടോർ സ്ഥാപിച്ചതിന്റെ ചെലവായി വൗച്ചർ നം.21800405/13-9-18 ആയി ചെക്ക്നം.4355/13.9.18 12525/രൂപ ചെലവഴിച്ചതായി കാണുന്നു. അസി.എൻജിനീയർ ലഭ്യമാക്കിയ ഒരു എസ്റ്റിമേറ്റ് മാത്രമാണ് വൗച്ചറിനൊപ്പമുള്ളത്. മോട്ടോർ വാങ്ങി സ്ഥാപിച്ചതിന്റെ ബില്ല്, പ്രവൃത്തിയുടെ വാല്യുവേഷൻ, മോട്ടോർ ആരുടെ ഉത്തരവാദിത്തത്തിലാണ് പ്രവർത്തിപ്പിക്കുന്നത് തുടങ്ങിയ അവശ്യവിവരങ്ങളൊന്നും തന്നെയില്ലാതെയാണ് തുക ചെലവഴിച്ചത്. മാത്രമല്ല ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ചുമതലയിലുള്ള പ്രസ്തുത സ്ഥലത്ത് ടൂറിസം കൗൺസിൽ ആവശ്യപ്പെടാതെ ഗ്രാമപഞ്ചായത്ത് പ്രവൃത്തി നടത്തുകയാണുണ്ടായത്. സ്ഥലസന്ദർശനത്തിനെത്തുന്നവർക്ക് ടോയ്ലറ്റിലേക്ക് വെള്ളം എത്തിക്കുന്നതിന് മോട്ടോർ സ്ഥാപിക്കുകയാണുണ്ടായത് എന്നാണ് എക്സിറ്റ് കോൺഫ്രൻസിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചത്. മതിയായ രേഖകളില്ലാതെ ചെയ്ത 12525/രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

**2.അരുവിക്കുഴി ടൂറിസം ഉദ്ഘാടന ചെലവുകൾ**

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ചുമതലയിലുള്ള അരുവിക്കുഴി ടൂറിസം ഉദ്ഘാടനവുമായി ബന്ധപ്പെട്ട് സ്റ്റേജ്, മൈക്ക് തുടങ്ങി പല ഇനങ്ങൾക്കായി ഉമ ഡെക്കറേഷൻ എന്ന സ്ഥാപനത്തിന് വൗച്ചർ 2100423/15.9.18 പ്രകാരം 10000/രു (ചെക്ക് 3833/15.9.18) നല്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുൾപ്പെടാത്ത ഇനത്തിനായി ഇപ്രകാരം പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് പൊതുപണത്തിന്റെ ദുർവ്യയമാണ്. ഇപ്രകാരമുള്ള ചെലവുകൾ ഒഴിവാക്കേണ്ടതാണ്. 10,000/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി ചെലവുകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8/17.7.2019 ന് മറുപടി ലഭ്യമാക്കിയില്ല.

# 3-10 വിവിധ കുടിവെള്ള പദ്ധതികൾ - തുടർപ്രവൃത്തികൾ /പൂർത്തീകരണം വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

2018-19 വർഷം വിവിധ കുടിവെള്ള പദ്ധതികളിലെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്കായി തുക

ചെലവഴിച്ചു.

| പ്രോജക്റ്റ് നം | കുടിവെള്ള പദ്ധതിയുടെ പേര് | തൻവർഷം നടപ്പാക്കിയ പ്രവൃത്തി | നിലവിൽ പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|
| 186/19 | കുറുങ്കുടി ഇടത്തിനകം കുടിവെള്ള പദ്ധതി (വാർഡ് 9) | വാട്ടർടാങ്ക്, അനുബന്ധ സാമഗ്രികൾ സ്ഥാപിക്കൽ | പമ്പിംഗ് മെയിൻ, വിതരണ ലൈൻ സ്ഥാപിച്ചിട്ടില്ല | 46407 |
| 116/19 | പൊങ്ങനാകുന്ന് കുന്നേൽതാഴെകുടിവെള്ള പദ്ധതി (വാർഡ് 9) | വാട്ടർടാങ്ക് പ്ലാറ്റ് ഫോം നിർമ്മിച്ചു | വാട്ടർടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ സ്ഥാപിച്ചിട്ടില്ല | 229869 |
| 181/19 | ഇളമ്പള്ളി മാർക്കറ്റ് കുടിവെള്ള പദ്ധതി | പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിച്ചു. | ഇലക്ട്രിക്ക് കണക്ഷൻ ലഭിച്ചിട്ടില്ല. | 80462 |
| 119/19 | ചക്കാമ്പുഴ തുമ്പോളി കുടിവെള്ള പദ്ധതി | സ്രോതസ്സിന്റെ പൂർത്തീകരണം | ഇലക്ട്രിക്ക് കണക്ഷൻ ലഭിച്ചിട്ടില്ല. പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 288779 |
| 122/19 | മരോട്ടി മേജർ കുടിവെള്ള പദ്ധതി (വാർഡ് 13) | 5000 ലിറ്റർ വാട്ടർ ടാങ്ക്, പ്ലാറ്റ് ഫോം, മോട്ടോർ, വിതരണ ലൈൻ സ്ഥാപനം | പദ്ധതി പൂർത്തീകരിച്ചു. ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല. | 307945 |
| 136/19 | വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി | സ്രോതസ്സ് പൂർത്തീകരിച്ചു | വാട്ടർടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ സ്ഥാപിച്ചിട്ടില്ല | 180170 |
| 231/19 | വെട്ടിക്കയം കുടിവെള്ളപദ്ധതി പൂർത്തീകരണം | വൈദ്യുതീകരണം | വിതരണലൈൻ പൂർത്തിയായില്ല | 118276 |
| ആകെ ചെലവ് | | | | 1251908 |

പ്രവൃത്തികൾ പൂർത്തിയാക്കി കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതാണ്.

## 3-11 ബാരൽ വിലയുടെ 18% ജി.എസ്.ടി, വർക്ക്ഷേഴ്സ്

# വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2018-19വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും ബാരൽ വില കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ബാരൽ വിലയ്ക്കൊപ്പം 18% ജി.എസ്.റ്റി ബില്ലിൽ കുറവ് ചെയ്തിട്ടില്ലെന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് (രൂപ) |
|---|---|
| 76/19, തളരിപ്ലാക്കൽ പൊട്ടനാനിക്കൽ റോഡ് റീടാറിംഗ് | 199897 |
| 101/19, മുകളേൽ പൂവത്താനി റോഡ് റീടാറിംഗ് | 99850 |
| 169/18, ഹരിപ്പാട്ടുകുന്ന് -വഞ്ചിപ്പാറ റോഡ് റീടാറിംഗ് | 265971 |
| 170/19,അമ്പലം ഇല്ലിക്കോൺ റോഡ് റീടാറിംഗ് | 89196 |
| 171/19, ഇല്ലിമൂട് - നാലേക്കർ റോഡ് റീടാറിംഗ് | 402832 |
| 182/19, മന്ദിരം - നിർമ്മല ഹോസ്പിറ്റൽ റോഡ് റീടാറിംഗ് | 190000 |

മേൽ പ്രവൃത്തികളുടെ ബാരൽ വിലയിൽ നിന്നും 18% ജി.എസ്.ടി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2018-19 ൽ നിർവ്വഹണം നടത്തിയ മിക്ക പ്രവൃത്തികളിൽ നിന്നും നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതത്തിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കിയിട്ടില്ല. എല്ലാ പ്രവൃത്തികളിൽ നിന്നും ക്ഷേമനിധി വിഹിതത്തിന്റെ 1% കളക്ഷൻ ചാർജായി ഈടാക്കുന്നുണ്ടെന്ന് അസി.എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

# 3-12 പി.എച്ച്.സി സ്ത്രീ സൗഹൃദ – വയോജന സൗഹൃദ ടോയ് ലറ്റുകളുടെ നവീകരണം- ടോയ് ലറ്റ് നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 191/19 |
| പേര് | പി.എച്ച്.സി സ്ത്രീ സൗഹൃദ - വയോജന സൗഹൃദ ടോയ്ലറ്റുകളുടെ നവീകരണം |
| | |

| | |
|---|---|
| കരാറുകാരൻ | ശ്രീ റോണിയോ ജോസ് |
| അടങ്കൽ | 49,000 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| ചെലവ് | 44,911 രൂപ (ബിൽ നം - 37/18-12-18 ) |
| എം ബുക്ക് നം | 22/18-19 |
| പ്രവൃത്തി പൂർത്തീകരണ തീയതി | 14-12-18 |

പി എച്ച് സി യിലെ നിലവിലുള്ള ടോയ്‌ലറ്റ് വനിതാ സൗഹൃദമാക്കാൻ ആവശ്യമായ നവീകരണ പ്രവൃത്തികളാണ് ഈ പ്രോജക്ട് മുഖേന നടത്തിയത്. ടോയ്‌ലറ്റ് ഉപയോഗ യോഗ്യമാക്കി നൽകിയിരുന്നതാണ് എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/19.07.19) അസി.എഞ്ചിനീയർ മറുപടി നൽകി. എന്നാൽ നാളിതു വരെ പ്രസ്തുത ടോയ്‌ലറ്റ് ഉപയോഗിക്കുന്നില്ലെന്ന് പ്രാദേശിക പരിശോധനയിൽ കണ്ടു. ടോയ്‌ലറ്റ് ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 തുക മുൻകൂർ ഒടുക്കിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല- 44,384 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 1,50,000 രൂപ വകയിരുത്തി ആയുർവ്വേദ ആശുപത്രിക്ക് മരുന്ന വാങ്ങുന്നതിന് വേണ്ടി പ്രോജക്ട് തയ്യാറാക്കുകയും (പ്രോജ.നം 23/2019) ഔഷധിക്ക് 1,50,000 രൂപ നല്കുകയും ചെയ്തിട്ടുണ്ട് (ബിൽ നം 1/16-11-2018). ഇതിൽ 1,05,616 രൂപക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടുണ്ട്. മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതിനാൽ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 44,384 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-14 പി.എച്ച്.സി യ്ക്ക് മരുന്നുവാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 33/19 |
| അടങ്കൽ | 100000 (മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്) |
| ചെലവ് | ബിൽ നം- 2/12-06-18 – 10304 രൂപ<br>ബിൽ നം 14/28-02-19- 13000 രൂപ<br>ബിൽ നം 18/14-03-19 - 76696 രൂപ<br>ആകെ - 100000 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

പ്രോജക്ട് പ്രകാരം തുക കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, ജില്ലാ ആശുപത്രി കോട്ടയത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 76696 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായുള്ളൂ. 21,233 രൂപയുടെ മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവശേഷിക്കുന്ന മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-15 ഭൂജല വകുപ്പിൽ തുക നിക്ഷേപിച്ചത് -പ്രവൃത്തി നടപ്പാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കുഴൽകിണർ നിർമാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ഭൂജല വകുപ്പിന് തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നം., പേര് | നിക്ഷേപിച്ച തുക | ഫണ്ട്, ബിൽ വിവരം. | പ്രവൃത്തിയുടെ പൂർത്തീകരണ വിവരം |
|---|---|---|---|
| 117/19, കുട്ടങ്കരഭാഗത്ത് കുഴൽകിണർ സ്ഥാപിക്കൽ | 69961 | ധന.കമ്മീഷൻ ഗ്രാന്റ്.ബിൽനം.16/18-19/ 15-11-18 | പ്രവൃത്തി പൂർത്തീകരിച്ചു. തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. |
| 115/19,ചില്ലോലി-പുല്ലാനിത്തകിടി കുടിവെള്ളപദ്ധതി | 300000 | ധന.കമ്മീഷൻ ഗ്രാന്റ്.ബിൽനം.15/18-19/ 15-11-18 | കുഴൽകിണർ നിർമിച്ചുവെങ്കിലും വെള്ളമില്ലായെന്നാണ് അറിയിച്ചത്. |
| 222/19, മണിയങ്ങാട്ട്-തുണിയമ്പ്രാൽ ഭാഗത്ത് കുഴൽകിണർ | 140000 | ധന.കമ്മീഷൻ ഗ്രാന്റ്.ബിൽനം.32/18-19/ 28-3-19 തുക-45010, ബിൽനം.39/18-19/28-3-19 തുക-94990/ | നടപ്പായിട്ടില്ല. |
| ആകെ | 509961 | | |

ഭൂജല വകുപ്പുമായി കരാർ വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തിയാക്കി തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. മാത്രമല്ല 222/19 നമ്പർ പ്രവൃത്തിക്ക് ആദ്യം ലഭിച്ച എസ്റ്റിമേറ്റ് 45010 രൂപയുടേതാണ്. എന്നാൽ 94990/- രൂപയുടെ കൂടി എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെട്ടതിൻ പ്രകാരമാണ് തുകയ്ക്കുള്ള എസ്റ്റിമേറ്റ്

ലഭ്യമാക്കിയത്. അതായത് പ്രോജക്ട് പ്രകാരം തുക വകയിരുത്തിയ ശേഷം വകയിരുത്തിയ തുകയ്ക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കി ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ഇപ്രകാരമുള്ള നടപടികൾ ഒഴിവാക്കി യഥാർഥ ആവശ്യകത നിർണ്ണയിച്ച് എസ്റ്റിമേറ്റ് തയാറാക്കി തുക ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

പ്രവൃത്തിപൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അധികമായി നിക്ഷേപിച്ച തുക തിരികെ ലഭ്യമാക്കി വികസനഫണ്ട് ഇനത്തിലുൾപ്പെട്ടത് സർക്കാരിലേക്ക് ഒടുക്കേണ്ടതുമാണ്. വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാലും പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും 509961/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 ലൈഫ് മിഷൻ പദ്ധതി- അവലോകനം

ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന നിർമ്മാണമാണ് പ്രോജക്ട് നം.203 പ്രകാരം ജനറൽ വിഭാഗത്തിനായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിക.ഫണ്ട്(ജനറൽ) | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | ഹഡ്കോ വായ്പ | ആകെ |
|---|---|---|---|---|
| 24,00,000 | 13,75,320 | 3,46,664 | 14,18,016 | 55,40,000 |

അംഗീകരിക്കപ്പെട്ട ലിസ്റ്റിലുണ്ടായിരുന്ന 40 ഗുണഭോക്താക്കളിൽ അർഹരായ 16 പേരും ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും അവരിൽ 14 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരാൾ രണ്ടാംഘട്ടം പൂർത്തീകരിക്കുകയും മറ്റൊരാൾ അടുത്തയിടെ ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 27.11.2018 | 346664 | ലൈഫ് മിഷൻ | 346664 | 0 |
| ,, | 01.12.2018 | 225000 | അനപൂരക പോഷകാഹാര വിതരണം അംഗൻവാടികളിലൂടെ | 225000 | 0 |

| | | | | | |
|---|---|---|---|---|---|
| ,, | 23.03.2019 | 175000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 175000 | 0 |
| ,, | 23.03.2019 | 300000 | പാലിന് സബ്സിഡി | 30000 | 0 |
| ബ്ലോക്ക്പഞ്ചായത്ത്, പാമ്പാടി | 25.02.2019 | 974250 | ഇളമ്പള്ളി ബഡ്സ് റീഹാബിലിറ്റേഷൻ നിർമ്മാണം | 112064 | 862186(*) |
| ,, | 04.08.2018 | 1375320 | ലൈഫ് മിഷൻ വിഹിതം | 1375320 | 0 |
| ,, | 08.10.2018 | 71875 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 71875 | 0 |
| ,, | 22.11.2018 | 400000 | മരോട്ടി മേജർ കുടിവെള്ളപദ്ധതി | 307945 | 92055 |
| ,, | 27.11.2018 | 250000 | നെടുമാവ് മിൽക്ക് സൊസൈറ്റി-പന്നഗംതോട് റോഡ് | 244701 | 5299 |
| ,, | ,, | 250000 | കൃഷിഭവന് കുടിവെള്ളപദ്ധതി | 0 | 250000 |
| ,, | ,, | 100000 | പാലിയേറ്റീവ്കെയർ | 100000 | 0 |
| ,, | 28.03.2019 | 100000 | ആശ്രയപദ്ധതി-ഭവനപുനരുദ്ധാരണം | 100000 | 0 |
| ,, | 25.12.2018 | 300000 | കാർഷികവിപണന കേന്ദ്രം | 300000 | 0 |

(*)ഇത് തൻവർഷ നീക്കിയിരിപ്പാണ്. മുൻ വർഷം ലഭിച്ച 2,00,000 രൂപയുൾപ്പെടെ ആകെ നീക്കിയിരിപ്പ് 10,62,186 രൂപയാണ്.

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | കുട്ടങ്കര കുഴൽക്കിണർ നിർമ്മാണം | 69961 | 0 | 69961 |
| ,, | ചല്ലോലി കുടിവെള്ളപദ്ധതി | 300000 | 0 | 300000 |
| | | | | |

| | | | | |
|---|---|---|---|---|
| ,, | മണിയങ്ങാട്ട് കുടിവെള്ളപദ്ധതി | 140000 | 0 | 140000 |
| കെ.എസ്.ഇ.ബി | വെട്ടിക്കയം കുടിവെള്ളപദ്ധതി | 110896 | 0 | 110896 |
| | ആകെ | 620857 | 0 | 620857 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | ലോൺ അക്കൗണ്ട് നം. | 2010 ൽ സർക്കാർ നിശ്ചയിച്ച പലിശ രഹിത ബാധ്യത തുക | 01.04.2018-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2018-19 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|---|---|
| കെ യു ആർ ഡി എഫ് സി ലോൺ | KURDFC/A/271/12/ 27.01.2012 | A/C No. 474/A3/ 8/RDB | 79,27,988/- | 59,27,988/- | | 4,00,000/- | 55,27,988 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (എം.എസ്) 68/2018, 18.5.2018 | 38065072468 എസ്ബിഐ പള്ളിക്കത്തോട് | - | - | 1418016 | - | 1418016 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ്

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം |
|---|---|---|---|
| 2009-10 | 3-3(ബി) | 2011-12, 2-6 | നിക്ഷേപ പ്രവൃത്തികൾ- നടപടിക്രമങ്ങൾ പാലിക്കുന്നില്ല. കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച 2666223/- രൂപ സംബന്ധിച്ച് |

പ്രസ്തുത ഖണ്ഡിക നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല

# 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്, സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 56554041.79 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47177476 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15619 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1184881 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 3094 | ജോമോൻ മാത്യു, സെക്രട്ടറി |
| 3-9 | | 12525 | ജോമോൻ മാത്യു, സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,36,855 | ജോമോൻ മാത്യു, സെക്രട്ടറി |
| 3-6 | 65,968 | ഷീജാ മോൾ ജോസഫ്, അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി |
| 3-7 | 2,99,880 | ജോമോൻ മാത്യു, സെക്രട്ടറി |
| 3-8 | 96,600 | ഡോ.ആഷിക് രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-9 | 10,000 | ജോമോൻ മാത്യു, സെക്രട്ടറി |
| 3-13 | 44,384 | ഡോ.ദീപ.ബി.നായർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-14 | 21,233 | ഡോ.ആഷിക് രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-15 | 5,09,961 | ജോമോൻ മാത്യു, സെക്രട്ടറി |
| ആകെ | 11,84,881 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോമോൻ മാത്യു, സെക്രട്ടറി | സെക്രട്ടറി, പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് | കോലംകുഴിയിൽ, വാഴൂർ പി.ഒ. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി4-377/08/29.06.2009/ 08.10.2009 | - |
| 2003-04(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(1)/18/ 29.01.2018 | 15 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി4-1682/07/ 08.09.2009 | - |
| 2004-05(വരവ്) | എൽ.എഫ്.കെ.പി4-1684/07/ 21.02.2011 | 1 |
| 2004-05(ചെലവ്) | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(3)/18/ 29.01.2018 | 6 |
| 2006-07 | എൽ.എഫ്.കെ.പി1/966/അദാ/B1/11/ 22.08.2011 | - |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(5)/18/ 29.01.2018 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(6)/18/ 29.01.2018 | 4 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(7)/18/ 29.01.2018 | 5 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(8)/18/ 29.01.2018 | 2 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13(അദാ 2018)/48(9)/18/ 29.01.2018 | 8 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13-243/18/ 01.03.2018 | 9 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/657/16/ 12.08.2016/ 23.08.2016 | 13 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13-388/17/ 24.05.2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13-1648/2017/ 24.01.2018 | 16 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13-2023/2018/ 24.11.2018 | 37 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി13-1119/19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി:14.08.2019.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**